അടൂർ-ശാസ്താംകോട്ട റോഡ്.

64. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ-ശാസ്താംകോട്ട റോഡിൽ ഏഴാം മൈലിൽനിന്നും, ഇടത്തിട്ട, തോട്ടുപാ, തെങ്ങമം ഈ സ്ഥലംവഴി കായംകുളം—പുനലൂർ റോഡിൽ ചെന്നുചേരുന്ന റോഡിനു് എത്ര നീളം വരും ;

(ബി) ഈ റോഡു് നന്നാക്കുന്നതിനുവേണ്ടി ഇതിന്റെ എസ്റ്റിമേറു് എടുത്തിട്ടുണ്ടോ ;

(സി) ഈ റോഡിൽ എത്ര കലുങ്കു് തീർക്കേണ്ടതായിട്ടുണ്ടു്: എവിടെയെല്ലാം ;

(ഡി) തെങ്ങമം, തോട്ടുപാ മുതലായ സ്ഥലങ്ങളിൽ താമസിക്കുന്നവർ കൃഷിക്കു വളം കൊണ്ടുവരുന്നതിനും കൃഷി സാധനങ്ങൾ ചന്തയിൽ കൊണ്ടുവിൽക്കുന്നതിനും മറ്റും വളരെ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഈ) ഈ റോഡു് നന്നാക്കുന്നതിനു് അടിയന്തിര നടപടിയെടുക്കുമോ ?

ഉത്തരം.

(എ) ഈ റോഡു് 8 മൈൽ 6 ഫർലോംഗ് നീളമുണ്ടു്.

(ബി) ഈ റോഡു് നന്നാക്കുന്നതിനുള്ള എസ്റ്റിമേറു് തയ്യാറാക്കിയിരുന്നു. പക്ഷേ, ധനദൌർലഭ്യം കാരണം ഈ ജോലി മാറ്റിവയ്ക്കേണ്ടതായി വന്നു.

(സി) ഈ റോഡിന്റെ കടമ്പനാട്ടു മുതൽ പള്ളിക്കൽ വരെയുള്ള ഭാഗത്തു് ഒരു പാലവും 21 കലുങ്കുകളും, പള്ളിക്കൽ മുതൽ പഴകുളം വരെയുള്ള ഭാഗത്തു് 12 കലുങ്കുകളും തീർക്കേണ്ടതായിട്ടുണ്ടു്.

(ഡി) ഈ റോഡു് നന്നാക്കാത്തതുകൊണ്ടു് തെങ്ങമം, തോട്ടുപാ മുതലായ സ്ഥലങ്ങളിലുള്ള ആളുകൾക്കു് ബുദ്ധിമുട്ടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ഈ) ധനദൌർലഭ്യം കാരണം ഇപ്പോൾ നടപടിയെടുക്കുവാൻ നിവൃത്തിയില്ല.

കേരളത്തിലേക്കാവശ്യമുള്ള പഞ്ചസാര.

65. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്കു് ആവശ്യമുള്ള പഞ്ചസാര എവിടെനിന്നാണു ലഭിക്കുന്നതു് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എന്തടിസ്ഥാനത്തിലാണു് വീതിച്ചു കൊടുക്കുന്നതു് ;

(സി) ഓരോ താലൂക്കിനും കോട്ടാ നിശ്ചയിക്കുന്നതു് ആരാണു് ;

(ഡി) ഓരോ താലൂക്കിലും കൃത്യസമയത്തു് പഞ്ചസാര ലഭിക്കാത്തതിനുള്ള കാരണമെന്തു് ?

ഉത്തരം.

(എ) മദ്രാസ്, മൈസൂർ എന്നീ സ്റ്റേറ്റുകളിലുള്ള വിവിധ പഞ്ചസാര ഫാക്റ്ററികളിൽനിന്നും, തിരുവല്ലാ, പന്തളം പഞ്ചസാര ഫാക്റ്ററികളിൽനിന്നും.

(ബി) സംസ്ഥാനത്തിനു് മൊത്തം ലഭിക്കുന്ന കോട്ടാ ഓരോ ഡിസ്ട്രിക്റ്റിലും ആവശ്യമുള്ളതിന്റെ അനുപാതത്തിലാണു് വീതിച്ചു കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതാതു ഡിസ്ട്രിക്റ്റിലെ കളക്റേറന്മാർ.

(ഡി) സാധാരണമായി ഓരോ താലൂക്കിലും കൃത്യസമയത്തു് പഞ്ചസാര ലഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകളാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ചില സമയങ്ങളിൽ അകലെയുള്ള ഫാക്റേറികളിൽനിന്നു് പഞ്ചസാര കൊണ്ടുവരാൻ വേണ്ടത്ര റയിൽവേ വാഗണുകളും കിട്ടാതെവരുന്നതുകൊണ്ടു് താമസം വന്നുപോകുന്നുണ്ടു്.

കേരളത്തിലെ ഹോട്ടലുകൾ വ്യാപാരികളും

66. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങൾക്കായി കേരളത്തിൽ മൊത്തം എത്ര ഹോട്ടൽ വ്യാപാരികളുണ്ടു്;

(ബി) ഓരോ താലൂക്കിലും എത്ര പേർ; ആരെല്ലാം;

(സി) കൂടുതൽ ഹോട്ടലുകളിൽ കട തുടങ്ങുവാൻ അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 210.

(ബി) * സ്റ്റേറ്റുമെൻറു് അനുബന്ധമായി ചേർത്തിരിക്കുന്നു

(സി) ഇതുസംബന്ധിച്ചു് വിവിധ ഡിസ്ട്രിക്റ്റുകളിൽ നിന്നും കിട്ടിയിട്ടുള്ള നിർദ്ദേശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുന്നു.

അരി വില

67. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960-ൽ ഐക്യകക്ഷി ഗവണ്മെൻറധികാരത്തിൽ വന്നപ്പോൾ ഒരു പക്ക അരിക്കു് എത്ര വിലയായിരുന്നു;

(ബി) 1964 ജനുവരി 5-ാം തീയതി ഒരു പക്ക അരിക്കു് വില എന്താണു്?

ഉത്തരം

(എ) 1960-ൽ ഫെബ്രുവരി മാസത്തിൽ ഐക്യകക്ഷി ഗവണ്മെൻറു് അധികാരത്തിൽ വന്നപ്പോൾ പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് ശരാശരി 73 നയാപൈസ വില ഉണ്ടായിരുന്നു.

(ബി) 1964 ജനുവരി 5-ാംനു- പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് 83 നയാപൈസ വരെ വിലയുണ്ടായിരുന്നു.

സാധനങ്ങളുടെ വില

68. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴെ പറയുന്ന സാധനങ്ങൾക്കു് 1960 ഫെബ്രുവരി 1-ാംനു എന്തായിരുന്നു വില:

Appendix I

LIBRARY ARCHIVES Kerala Legislative Assembly